# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5508 6.7.2012-ൽ മറുപടിയ്ക്ക്

## കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിലെ കമ്പ്യൂട്ടറൈസേഷൻ നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) കേരള ജല അതോറിറ്റിയുടെ കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ ഭാഗമായി 2005-ൽ ഒരു ഐ.ടി മാസ്റ്റർ പ്ലാൻ ഉണ്ടാക്കുകയുണ്ടായി. അതിൽ താഴെ പറയുന്ന പ്രവർത്തന മേഖലകൾ കമ്പ്യൂട്ടർ വത്ക്കരണം ചെയ്യുവാൻ തീരുമാനിച്ചു.<br>(i) ബില്ലിംഗ് സിസ്റ്റം<br>(ii) പരാതി പരിഹാര സിസ്റ്റം<br>(iii) പ്രോജക്റ്റ് മോണിറ്ററിംഗ് സിസ്റ്റം<br>(iv) എംപ്ലോയി ഇൻഫർ മേഷൻ സിസ്റ്റം<br>(v) ഫൈനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം<br>(vi) ജോഗ്രഫിക്കൽ ഇൻഫർ മേഷൻ സിസ്റ്റം<br>(vii) മെറ്റീരിയൽ/അസറ്റ് മാനേജ് മെന്റ് സിസ്റ്റം.<br><br>ഇതിനുവേണ്ടി കേരള ജല അതോറിറ്റിയുടെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സമ്പ്രദായം സംസ്ഥാനത്ത് പൂർത്തിയായി വരുന്നു. |

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന എല്ലാ ജല അതോറിറ്റി ഓഫീസുകളേയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു.

ഈ നെറ്റ് വർക്കിലൂടെ ബില്ലിംഗ് സിസ്റ്റം (അബാക്കസ്), പരാതി പരിഹാര സിസ്റ്റം (CRS) എന്നിവ പ്രവർത്തക്ഷമമാക്കിക്കഴിഞ്ഞു. പ്രോജക്റ്റ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ വികസനം പൂർത്തിയായി. ഫൈനൽ അക്സപ്റ്റൻസ് നല്കേണ്ടതുണ്ട്. സമീപഭാവിയിൽ ഇത് നെറ്റ് വർക്കിലൂടെ പ്രവർത്തനക്ഷമമാക്കും.

എംപ്ലോയി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ വികസനം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഫൈനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം ടെസ്റ്റിംഗ് ഘട്ടത്തിലാണ്. അതിലെ ന്യൂനതകൾ പരിഹരിക്കുന്ന ടെസ്റ്റിംഗ് ആന്റ് കറക്ഷൻ ഇപ്പോൾ നടന്നുവരുന്നു.

ജോഗ്രഫിക്കൽ സിസ്റ്റം നടപ്പിലാക്കാൻ കരാർ നല്കിയ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് അതിന്റെ വികസന പ്രക്രിയ പൂർത്തിയാക്കി. ടെസ്റ്റിംഗ് പൂർത്തിയായപ്പോൾ സിസ്റ്റം ലൈവ് ആകുവാൻ ഡാറ്റാ കറക്ഷൻ അവശ്യമായതായി കണ്ടെത്തി. അതിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു.

കേരള ജല അതോറിറ്റിയുടെ അസറ്റ് മാനേജ് മെന്റ് സിസ്റ്റം വികസിപ്പിക്കുന്നതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | നടത്തുവാൻ കരള ഗവൺമെന്റ് ഏജൻസിയായ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസിയെയാണ് ഏല്പിച്ച് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പണികൾ തുടങ്ങിയിട്ടുണ്ട്.<br><br>മെറ്റീരിയൽ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുന്ന പ്രവൃത്തി നടപ്പാക്കേണ്ടതുണ്ട്.<br><br>കേരള ജല അതോറിറ്റിയുടെ മുകളിൽ പറഞ്ഞിരിക്കുന്ന പരിപാടികൾ 2013 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരള വാട്ടർ അതോറിറ്റിയെ ജിക്കാ (ജെ.ഐ.സി.എ.) പദ്ധതിയിൽപ്പെടുത്തി സംസ്ഥാന വ്യാപകമായി കമ്പ്യൂട്ടർവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ; | | ഉണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയെ ജിക്കാ (ജെ.ഐ.സി.എ) പദ്ധതിയിൽ പെടുത്തി സംസ്ഥാന വ്യാപകമായി കമ്പ്യൂട്ടർ വത്ക്കരിക്കുന്ന പ്രവർത്തി നടപ്പിലാക്കിവരുന്നു. ചോദ്യം എ യുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന പ്രവർത്തികളിൽ എംപ്ലോയി ഇൻഫർമേഷൻ സിസ്റ്റവും ഫൈനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റവും ഒഴിച്ചുള്ളവ ജിക്ക പദ്ധതിയുടെ ഭാഗമായി ആണ് നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ അക്കൗണ്ടിംഗിന് മാത്രമായി ടാലി എന്ന സോഫ്റ്റ് വെയർ വാങ്ങുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര രൂപ | (സി) | കേരള വാട്ടർ അതോറിറ്റിയിലെ വാർഷിക കണക്കുകൾ ക്രോഡീകരിച്ച് തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ജിക്ക പദ്ധതിയിലല്ലാതെ, പ്ലാൻ ഫണ്ടിൽ ഓഫീസ് ഓട്ടോമേഷൻ വകയിരുത്തിയിട്ടുള്ള |

ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ

തുക ഉപയോഗപ്പെടുത്തി അതോറ്റിയിലെ 60 അക്കൗണ്ട് റെന്ററിംഗ് യൂണിറ്റുകളിൽ ടാലി അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ വാങ്ങുവാൻ അതോറിറ്റി തീരുമാനമെടുക്കുകയും, അതു പ്രകാരം 5,64,000/- രൂപ ചെലവിൽ സോഫ്റ്റ് വെയർ വാങ്ങുകയും, ജീവനക്കാർക്ക് അത് ഉപയോഗിക്കുന്നതിനുള്ള ട്രെയിനിംഗ് നല്കിവരുകയും ചെയ്യുന്നു. ഇതുമൂലം വാർഷിക കണക്കുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ